**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5266** **02-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയത്തിന്റെ ബലക്ഷയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് സമുച്ചയത്തിന് ചോർച്ചയും ബലക്ഷയവും ഉണ്ടെന്ന മദ്രാസ് ഐ.ഐ.ടി.യുടെ റിപ്പോർട്ട് സംസ്ഥാന വിജിലൻസ് പരിശോധിച്ച് ശരിവയ്ക്കുകയുണ്ടായോ; എങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് പ്രസ്തുത റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കാട് മാവൂർ റോഡിലുള്ള കെ.എസ്.ആർ.ടി.സിയുടെ സ്ഥലത്ത് കെ.ടി.ഡി.എഫ്.സി, ബി.ഒ.റ്റി അടിസ്ഥാനത്തിൽ നിർമ്മിച്ച കെട്ടിടത്തിന്റെ ബലക്ഷയം സംബന്ധിച്ച് വിശദമായ പഠനം നടത്തിയ മദ്രാസ് ഐ.ഐ.റ്റി 05/10/2021-ൽ റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ മേലുള്ള അന്വേഷണത്തിനായി ടി റിപ്പോർട്ട് സംസ്ഥാന വിജിലൻസിനെ ഏൽപ്പിച്ചിട്ടുണ്ട്. എന്നാൽ അന്വേഷണ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | ഈ പദ്ധതിക്കായി എത്ര സ്‌ക്വയർ ഫീറ്റ് കെട്ടിടം നിർമ്മിക്കാനാണ് പ്ലാൻ തയ്യാറാക്കിയിരുന്നത്; പദ്ധതിക്കായി തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റ് തുകയുടെയും നിർമ്മാണം പൂർത്തിയായപ്പോൾ ചെലവായ തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് ബിൽഡിംഗ് 3,85,445 സ്‌ക്വയർ ഫീറ്റ് ചെയ്യാനാണ് എസ്റ്റിമേറ്റ് ഇട്ടത് 54 കോടി രൂപയായിരുന്നു. മൊത്തം അടങ്കൽ തുക. പൂർത്തീകരിച്ചപ്പോൾ കെട്ടിടത്തിന്റെ വിസ്തീർണ്ണം 4,09,605 ചതുരശ്ര അടിയും ചിലവായ തുക 74.79 കോടി രൂപയുമായി. |
| (സി) | പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചത് എന്നായിരുന്നുവെന്നും ആരൊക്കെയാണ് ടെൻഡറിൽ പങ്കെടുത്തതെന്നും അറിയിക്കാമോ; പങ്കെടുത്ത സ്ഥാപനങ്ങളുടെയും ലേല തുകകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് ബിൽഡിംഗിന്റെ നിർമ്മാണത്തിന് ടെൻഡർ ക്ഷണിച്ചത് 28/06/2008-ൽ ആയിരുന്നു. ടെൻഡറിൽ പങ്കെടുത്തത് താഴെ പറയുന്ന കോൺട്രാക്ടർമാർ ആയിരുന്നു. അവരുടെ പേരു വിവരവും ലേലതുകയും ഇപ്രകാരമാണ്. 1. M/s. Ramky Infrastructure Private Ltd- PAC (36.21 cr) യുടെ 57.7% above 2. M/s KV Joseph & son-PAC (Rs.36.21 Cr) യുടെ 29.2% above |
| (ഡി) | കെട്ടിടത്തിന്റെ നിർമ്മാണ കരാറൊപ്പിട്ട തീയതിയും നിർമ്മാണ ചുമതല നൽകിയത് ആർക്കാണെന്നും അറിയിക്കുമോ; | (ഡി) | കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് കെട്ടിടത്തിന്റെ നിർമ്മാണ കരാർ ഒപ്പിട്ട തീയതി 27/2/2009 ആണ്. കെ.വി.ജോസഫ് & സൺസ് പ്രൈവറ്റ് ലിമിറ്റഡ് കൊച്ചി എന്ന |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിനാണ് നിർമ്മാണ കരാർ കൊടുത്തത്. |
| (ഇ) | പ്രസ്തുത സമുച്ചയം പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടിവരുന്ന തുക, കാലയളവ് എന്നിവ വിശദമാക്കാമോ; | (ഇ) | കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സുമായി ബന്ധപ്പെട്ട് പഠനം നടത്തിയ മദ്രാസ് ഐ.ഐ.റ്റി സമർപ്പിച്ച റിപ്പോർട്ടിൽ ബലക്ഷയത്തിന് ഐ.ഐ. ടിയുടെ പഠന റിപ്പോർട്ടും പ്രകാരമുള്ള തിരുത്തൽ /ശക്തിപ്പെടുത്തൽ വർക്കിന്റെ ബി.ഒ.ക്യൂ വും ഐ.ഐ.ടി തന്നെയാണു സമർപ്പിക്കുന്നത്. ഇതുവരെ അതിന്റെ അന്തിമ റിപ്പോർട്ടും ബി.ഒ.ക്യൂവും സമർപ്പിച്ചിട്ടില്ല. അതിനുശേഷം മാത്രമേ തുക എത്രയെന്നും പറയാൻ സാധിക്കയുള്ളൂ. |
| (എഫ്) | ടി കെട്ടിടത്തിന് ബലക്ഷയമുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ആദ്യമായി അറിയിച്ചത് ആരാണെന്നും എന്തിന്റെ അടിസ്ഥാനത്തിലാണ് ബലക്ഷയം സംബന്ധിച്ച പഠനം നടന്നതെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ? | (എഫ്) | ബസ് ടെർമിനൽ കോംപ്ലക്സ് കോഴിക്കോട് കെട്ടിടത്തിന്റെ ബസ് ബേ ഫ്ലോർ സ്ലാബിലും അതിനു താഴത്തെ ഫ്ലോറിലും സ്ലാബിലും (ബി 1 & ബി 2 നില) ഉള്ള വിള്ളലുകൾ കെ.റ്റി.ഡി. എഫ്.സി തന്നെയാണു കണ്ടെത്തിയത്. ആ വിള്ളലുകൾ വലുതായി വരുന്നത് കണ്ടിട്ടാണ് ഐ.ഐ.ടി യുടെ പഠനം നടത്താൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ